LIBRARY ARCHIVES Kerala Legislative Assembly

യത്ത് എന്നിവയിലെ പ്രതിനിധികളും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്നതാണ്. നദികളുടെയും വൃഷ്ടിപ്രദേശങ്ങളുടേയും സംരക്ഷണത്തിനുവേണ്ടിയുള്ള ഏകീകൃത പ്രവർത്തനങ്ങൾ ഈ അതോറിറ്റി മുഖേന നടപ്പിലാക്കാൻ സാധിക്കും. കൂടാതെ സംസ്ഥാനത്ത് ഒരു ഏകീകൃത ജല നിയന്ത്രണ ആക്ടിന് രൂപം കൊടുക്കുന്നതിനുള്ള പ്രക്രിയ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ നദികളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം ഉറപ്പുവരുത്താനുള്ള ഏകീകൃത പ്രവർത്തനങ്ങൾ ഈ ആക്ടിൽ വിഭാവനം ചെയ്യുന്നു. ഇൻഡ്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നദികളുടെ വേഗതയെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അത് ഇവിടത്തെ ടൈറെൻ ആണ്. കേരളത്തിന്റെ terrain വളരെ സ്റ്റീപ് ആണ്. അതുകൊണ്ട് ഇന്ന് മഴ പെയ്താൽ നാളെ ഫ്ളഡ് ആണ്. 10 ദിവസം മഴ ഇല്ലെങ്കിൽ പിന്നെ വരൾച്ചയാണ്. ടൈറെൻ വളരെ സ്റ്റീപ് ആയതുകൊണ്ട് മഴ പെയ്താൽ കേരളം മൊത്തം വാഷ് ചെയ്ത് അറബിക്കടലിലേയ്ക്ക് പോകും. അത് ടൈറെൻ-ന്റെ സ്വഭാവമാണ്. മാത്രമല്ല വെള്ളത്തിന് താഴ്ന്നുപോകാൻ ഒഴിഞ്ഞ സ്ഥലമില്ല. മൊത്തം കോമ്പൗണ്ട് ആക്കിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചിട്ടുള്ള 44 നദികളും കേരളത്തിലെ പുണ്യനദികളാണ്. ഭാരതപ്പുഴയിൽ തൃത്താല റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി തുടങ്ങി. ഇനി മായന്നൂർ കോസ് വേയും കൂടി വന്നു കഴിഞ്ഞാൽ ഭാരതപ്പുഴ (നിള)യ്ക്ക് നിത്യക്ഷേമം കൈവരും. യാതൊരു സംശയവുമില്ല. അത്തരത്തിൽ ഓരോ നദിയേയും കാര്യമായി സംരക്ഷിക്കുന്ന നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും. റിവർ അതോറിറ്റി രൂപീകരിക്കുകയും ചെയ്യും.

<u>ശ്രീ. വി.സി. കബീർ</u> : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ സ്റ്റഡി ടീം റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും താൽക്കാലികമായി ഒരു സമിതി രൂപീകരിക്കുന്നുണ്ടെന്നും പറഞ്ഞു. അതിനകത്ത് ശാസ്ത്രജ്ഞൻമാരുടെ അഭാവം കാണുന്നുണ്ട്. സെൻട്രൽ വാട്ടർ മാനേജുമെന്റിന്റെയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാമൂഹിക സംഘടനകളുടെയും പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ബോർഡ് പുന:സംഘടിപ്പിക്കണമെന്നുകൂടി നിർദ്ദേശിക്കുന്നു. അതിന് ഗവൺമെന്റിന് വല്ല വൈമനസ്യവുമുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഗവൺമെന്റിന് ഒരു വൈമനസ്യവുമില്ല. ഗവൺമെന്റിന് ഇതിലൊരു തുറന്ന മനസ്സാണ് ഉള്ളത്. സാങ്കേതിക വിദഗ്ദ്ധരില്ലാതെ ഇത് ഉണ്ടാക്കിയിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് സാങ്കേതിക വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും റിവർ അതോറിറ്റി രൂപീകരിക്കുന്നത്.

III. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

സാംസ്കാരിക നയം

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u>) : സർ, കേരളീയ സമൂഹത്തിൽ കടന്നുകയറുന്ന കമ്പോളസംസ്കാരത്തെയും മതമൗലികവാദാധിഷ്ഠിതമായ സംസ്ക്കാരത്തെയും ചെറുത്തു തോൽപ്പിക്കുവാനും ജനാധിപത്യം, മതനിരപേക്ഷത, ശാസ്ത്രബോധം, സമത്വാധിഷ്ഠിതമാനവികത, അദ്ധ്വാനമഹിമ, സ്ത്രീസമത്വം, സാക്ഷരത എന്നിവ ഉറപ്പുവരുത്തുന്ന സാംസ്കാരികാന്തരീക്ഷം പുലർത്തുവാനും ഉതകുന്നവിധത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ പുനഃ

സംവിധാനം സാംസ്കാരികനയത്തിന്റെ മുഖ്യലക്ഷ്യമാണ്. ഈ നയം ആദ്യം കരടുരൂപത്തിൽ പ്രസിദ്ധീകൃതമായി. പിന്നീട് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എം.എൽ.എ.മാരുടെ യോഗത്തിലും ചർച്ച ചെയ്തു എല്ലാ നിർദ്ദേശങ്ങളും വീണ്ടും മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. അത്യധികം സന്തോഷത്തോടെ കേരള സർക്കാരിന്റെ പുതിയ സാംസ്കാരികരേഖ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇന്നത്തെ അജണ്ടയിൽ വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, ഭവന നിർമ്മാണം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം ഈ ഗവൺമെന്റിന് ഒരു സാംസ്കാരിക നയമുണ്ടായിരുന്നു. വർഷംതോറും മാറുന്നതാണോ സാംസ്കാരികനയം? ബഹുമാനപ്പെട്ട മന്ത്രിയുടെ നയം മാറുമായിരിക്കാം. ഈ നാടിന്റെ സാംസ്കാരികനയം വർഷംതോറും മാറുന്നതല്ല. ഇന്ന് ഞങ്ങളൊക്കെ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളാണ്. ഞങ്ങൾ ഏത് സാംസ്കാരിക നയത്തെ സംബന്ധിച്ചാണ് സംസാരിക്കേണ്ടത്? കഴിഞ്ഞ വർഷത്തെ സാംസ്കാരിക നയത്തെ സംബന്ധിച്ച് പറഞ്ഞാൽ ഞങ്ങളുടെ പുതിയ നയം ഇന്ന് അവതരിപ്പിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. ഈ നടപടിക്രമം ശരിയാണോ?

<u>മി. സ്പീക്കർ</u> : ഇത് സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്നതാണ്. പക്ഷെ നടപടിക്രമം അനുസരിച്ച് സ്ട്രിക്ട് ആയിട്ട് നോക്കിയാൽ ശരിയാണെന്നുള്ള അഭിപ്രായം ചെയറിനില്ല. റൂൾ 300 സ്റ്റേറ്റുമെന്റായിട്ട് പരിഗണിക്കണ്ട, മേശപ്പുറത്തു വച്ചതായിട്ട് പരിഗണിച്ചാൽമതി. ആ രൂപത്തിൽ ഇന്നത്തെ ചർച്ചയ്ക്കുകൂടി സഹായകരമായിട്ട്.....

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങയുടെ റൂളിംഗ് അംഗീകരിക്കുന്നു.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കാളിംഗ് അറ്റൻഷൻ നോട്ടീസ് തരുമ്പോൾ "ഡിമാന്റ് ഡിസ്കഷനാണെങ്കിൽ വേണ്ട, വേറൊരു ദിവസമാകട്ടെ"യെന്ന് അങ്ങ് ഞങ്ങളോട് പറയാറുണ്ട്. എല്ലാ കാര്യങ്ങളിലും അങ്ങനെ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

IV. സബ്മിഷൻ

(1) ചാലക്കുടിപ്പാലം ഗതാഗതയോഗ്യമാക്കണമെന്നത് സംബന്ധിച്ച്

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : രോഗം വന്നിട്ട് ചികിൽസിക്കുന്നതിനെക്കാൾ ഭേദം രോഗം വരാതെ സൂക്ഷിക്കുന്നതാണ് നല്ലതെന്ന് ഞാൻ കേട്ടിട്ടുണ്ട്. ആ ഒരു അറിവിന്റെ വെളിച്ചത്തിൽക്കൂടിയാണ് അവസാനം ശ്രീ. അബ്ദുറഹിമാൻ ഹാജിയും ശ്രീ. മാമ്മൻ മത്തായിയും ശ്രീ. ജോണി നെല്ലൂരും ഒക്കെ ഒപ്പിട്ട് നാളെ കേരളത്തിന്റെ വ്യാവസായിക മേഖലയെ സ്തംഭിപ്പിക്കുന്ന, പൊതുവെ ജീവിതത്തെ വല്ലാതെ ബാധിക്കുന്ന ഒരു പ്രശ്നം അടിയന്തിരമായി ഈ സഭയുടെ മുന്നിൽ കൊണ്ടുവന്ന് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് പരിഹാരം കാണുമെന്ന പ്രതീക്ഷയോടെയാണ് നോട്ടീസ് കൊടുത്തത്. അങ്ങയുടെ റൂളിംഗിനെ മാനിക്കുന്നു. അടിയന്തിരപ്രമേയാവതരണത്തിന് അങ്ങയുടെ അനുമതി ലഭിച്ചില്ല. ചോറു കിട്ടിയില്ല. ഇല മാത്രമേ കിട്ടിയുള്ളൂ. അതിൽ ദുഃഖമുണ്ട്. ഇന്ന് മലയാള മനോരമ പത്രത്തിൽ ലോക്കൽ പേജിൽ അല്ല, കേരളം ഒട്ടുക്കു വരുന്ന ആ പേജിൽ തന്നെ 'കണ്ടെയിനറുകൾ തിരിച്ചു വിടുന്നു, വ്യവസായമേഖലയിൽ ആശങ്ക'

LIBRARY ARCHIVES Kerala Legislative Assembly